16-11-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 261/2015/ആകുവ പ്രകാരം സാമൂഹികാരോഗ്യകേന്ദ്രത്തെ കാഷ്വൽറ്റി യൂണിറ്റുള്ള താലൂക്കാശുപത്രിയായി പ്രവർത്തിക്കുന്നതിനായി 4 കാഷ്വൽറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി കൂടുതൽ തസ്തികകൾ ടി ആശുപത്രിയിൽ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) നബാർഡിൽ നിന്നുള്ള ധനസഹായത്തോടെ ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിക്ക് കെട്ടിടം പണിയാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഇരിക്കൂർ ആശുപത്രിയിൽ നബാർഡ് RIDF-XXVI പ്രോജക്ട് പ്രകാരം നിർമ്മിക്കുന്ന കെട്ടിടത്തിന് നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് സൈറ്റ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഫൗണ്ടേഷൻ - ഡിസൈനിംഗിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണം

176 (187) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചുവെങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ?

ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് കിഫ്ബി വഴി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഒ.പി., കാഷ്വൽറ്റി, ഡയഗ്നോസ്റ്റിക്സ് എന്നിവയുടെ ശാക്തീകരണത്തിന് 12.32 കോടി രൂപ.

2. ഡയാലിസിസ് യൂണിറ്റിന് - 1.567 കോടി രൂപ.

(ബി) ഏത് വിഭാഗത്തിലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വെളിപ്പെടുത്തുമോ?

ഒ.പി, കാഷ്വൽറ്റി, ഡയഗ്നോസ്റ്റിക്സ് നവീകരണത്തിന് കിഫ്ബി മുഖേനെയാണ് തുക അനുവദിച്ചിട്ടുള്ളത്. എച്ച്.എൽ.എൽ. ഇൻഫ്രാടെക് സർവീസസ് (ഹൈറ്റ്സ്) എന്ന ഏജൻസിയെയാണ് നിർവ്വഹണത്തിനായി ഏൽപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നവീകരണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

പദ്ധതിക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി 26-2-2021-ന് ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

മണലൂർ മണ്ഡലത്തിലെ ഹോമിയോ ആശുപത്രികൾ

177 (188) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിൽ ചൂണ്ടൽ, വാടാനപ്പള്ളി പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്തത്.

(ബി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരോഗ്യവകുപ്പ് മുൻപ് സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 42 പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 28-2-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ആയുഷ് പ്രകാരം 10 ഡിസ്പെൻസറികൾ ആരംഭിക്കുകയും പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 32 പഞ്ചായത്തുകളിൽക്കൂടി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മറ്റ് പഞ്ചായത്തുകളിൽ ഹോമിയോ മരുന്ന് സൗജന്യമായി വിതരണം ചെയ്യുമ്പോൾ ഈ പഞ്ചായത്തുകളിൽ മരുന്ന് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ മുഖേന മരുന്ന് വിതരണം ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly